No. 158 February 2000

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

# പ്രൊഫ. സുധീഷിനെ തിരിച്ചെടുത്തു

**എസ്. എൻ. കോളജ്** മാനേജ്മെന്റ് പുറത്താക്കിയ പ്രൊഫ. എസ്. സുധീഷിനെ തിരിച്ചെടുത്തു. തി
ടുത്തുകൊണ്ടുള്ള മാനേജർ വെള്ളാപ്പള്ളി നടേശന്റെ കത്ത് വ്യാഴാഴ്ച പ്രൊഫ. സുധീഷിന് ലഭിച്ചു. ചാത്തന്നൂർ
എൻ. കോളജിലാണ് നിയമനം.

പ്രൊഫ. സുധീഷിനെ തിരിച്ചെടുക്കണമെന്ന യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്ക
തിൽ വെള്ളാപ്പള്ളി നടേശനെതിരെ കഴിഞ്ഞദിവസം കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുട
ണ് സുധീഷിനെ തിരിച്ചെടുക്കാൻ പെട്ടെന്ന് തീരുമാനിച്ചത്.

രണ്ടുവർഷം നീണ്ടു നിന്ന നിയമയുദ്ധത്തിനുശേഷമാണ് സുധീഷിനെ തിരിച്ചെടുക്കാൻ തീരുമാനമ
അപ്പലേറ്റ് ട്രിബ്യൂണലിന്റെ വിധിയ്ക്കെതിരെ വെള്ളാപ്പള്ളി നടേശൻ ഹൈക്കോടതിയിൽ നൽകിയ റിവിഷൻ
ഷൻ ഫയലിൽ സ്വീകരിക്കാതെ തള്ളിയിരുന്നു. കൊല്ലം കൊട്ടാരക്കര സബ്കോടതികളിലും വെള്ളാപ്പള്ളി
ഹർജികൾ നൽകിയെങ്കിലും അവയെല്ലാം തള്ളി. ഉത്തരവ് നടപ്പാക്കാത്തതിൽ കൊല്ലം അഡീഷണൽ സബ് ജ
ജോർജ് ഉമ്മനാണ് വെള്ളാപ്പള്ളിയ്ക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചത്.

കോളജിൽ നടന്ന നിയമനങ്ങളെയും എസ്. എൻ കോളജ് കനകജൂബിലി ആഘോഷങ്ങളെയും വിമർശിച്ച
ണ് സുധീഷിനെ പുനലൂർ എസ്. എൻ. കോളജിലേക്ക് മാറ്റിയത്. കനകജൂബിലി ആഘോഷങ്ങളുടെ നടത്തിപ്പി
കീയ കമ്മിറ്റി രൂപീകരിക്കണമെന്ന് സുധീഷ് ആവശ്യപ്പെട്ടിരുന്നു. സ്ഥലംമാറ്റത്തെത്തുടർന്ന് കൊല്ലം എസ്. എൻ.
ളജിനു മുന്നിൽ നിരാഹാരമാരംഭിച്ച സുധീഷിനെ പുറത്താക്കുകയായിരുന്നു.

പ്രൊഫ. സുധീഷിനുവേണ്ടി അഡ്വ. വെളിയം കെ. എസ്. രാജീവും അഡ്വ. എ. ബദറുദീനുമാണ് വിധിനട
ഹർജി നൽകിയിരുന്നത്.

---

# സസ്പെൻഷൻ പിൻവലിച്ചു

**കൊല്ലം ടി.കെ. എം. (ആർട്സ് & സയൻസ്) കോളജ്** ഗണിതശാസ്ത്രവിഭാഗം അദ്ധ്യാപകൻ
പ്രൊഫ. യൂസഫിനെതിരെ പുറപ്പെടുവിച്ചിരുന്ന സസ്പെൻഷൻ ഉത്തരവ് പിൻവലിച്ചുകൊണ്ട് മാനേജ്മെന്റ്
അദ്ദേഹത്തെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. പ്രൊഫ. യൂസഫിന്റെ സസ്പെൻഷൻ പിൻവലിക്കണമെ
ന്നാവശ്യപ്പെട്ടുകൊണ്ട് എ.കെ.പി.സി.ടി.എ ബ്രാഞ്ച്, ജില്ലാ സംസ്ഥാന ഭാരവാഹികൾ മാനേജുമെന്റുമായി പല
വട്ടം ചർച്ച നടത്തി എങ്കിലും സംഘടനയുടെ ആവശ്യം അംഗീകരിക്കാൻ തയ്യാറാകാതെ അന്യായമായി നട
ത്തിയ സസ്പെൻഷന്റെ കാലാവധി (3 മാസം) ദീർഘിപ്പിച്ചുകിട്ടുന്നതിനുവേണ്ടി സർവ്വകലാശാലയെ സമീപി
ക്കുകയാണ് മാനേജുമെന്റ് ചെയ്തത്. കാലാവധി ദീർഘിപ്പിച്ചു കൊടുക്കുവാൻ ബഹു. വൈസ്ചാൻസലർ
തയ്യാറായില്ല. ഈ സാഹചര്യത്തിലാണ് സസ്പെൻഷൻ പിൻവലിയ്ക്കുവാൻ മാനേജ്മെന്റ് നിർബ്ബന്ധിതമായ
ത്. നിരന്തരപോരാട്ടങ്ങളിലൂടെ എ.കെ.പി.സി.ടി.എ നേടിയെടുത്ത സർവ്വകലാശാലാനിയമത്തിന്റെ പ്രസക്തി
യും പ്രയോഗക്ഷമതയും ഒരിക്കൽക്കൂടി വെളിവാക്കപ്പെട്ടിരിക്കുന്നു.

# പുതിയ ബ്രാഞ്ച്

20-01-2000 വ്യാഴാഴ്ച **ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിംഗ് കോളജിൽ** എ.കെ.പി.സി.ടി.എ
ടെ പുതിയ ബ്രാഞ്ച് മുൻ ജില്ലാ പ്രസിഡണ്ട് പ്രൊഫ. ഭക്താനന്ദൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ബ്രാഞ്ചിനെ അ
വാദ്യം ചെയ്തുകൊണ്ട് ജില്ലാ സെക്രട്ടറി സി. മുരളീധരൻ, സ്റ്റേറ്റ് കമ്മിറ്റി മെമ്പർ എ. ശിവരാമൻ, പ്രസിഡ
എ.ടി. ചെറിയാൻ, കെ.ആർ. മോഹൻദാസ് തുടങ്ങിയവർ സംസാരിച്ചു. പ്രൊഫ. കെ.പി. ബാലകൃഷ്ണൻ അദ്ധ്യക്ഷ
യിരുന്നു. ഡോ. വത്സല സ്വാഗതവും, ശ്രീകുമാർ നന്ദിയും പറഞ്ഞു. ❑

Office Copy

AKPCTA

KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

NO. 158 Feb. 2000

EDITORIAL BOARD

Chief Editor
R. Mohana Kaimal

Managing Editor
S.Jayaraj Kumar

Members
Joy Job Kulavelil
V.N. Murali
Dr. P.J. Philip
M.P. Lalitha Bai
R. Mohana kumar
K.S. Pavithran
Dr. R. B. Rajalekshmi
T.N. Manoharan
J. Raju
Shahul Hameed. M
Mathew J. Muttath
G.S. Suresh
M.S. Vasantha kumar
M.D. Ratheesh Kumar
Dr. C.R. Prasad
Dr. K.H. Subrahmanian

## എഡിറ്റോറിയൽ

# ശനിയാഴ്ച പ്രശ്നം

കോളജുകളിൽ ശനിയാഴ്ചകൾ നിർബന്ധപ്രവൃത്തിദിവസങ്ങളാക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള വിവാദങ്ങൾ എമ്പാടും ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഏറ്റവുമൊടുവിൽ വന്ന പത്രവാർത്ത ശനിയാഴ്ചകൾ നിർബന്ധപ്രവൃത്തി ദിവസങ്ങൾ ആക്കുന്നില്ലെന്നും ഒരുദിവസത്തെ പ്രവൃത്തിസമയം രാവിലെ 9 മുതൽ വൈകിട്ട് 4.30 വരെ ആയിരിക്കുമെന്നുമാണ്. ഉച്ചയ്ക്കുള്ള ഇടവേളയുടെ ദൈർഘ്യം നിലവിലുള്ള 1 മണിക്കൂർ എന്നത് 30 മിനിട്ടായി വെട്ടിക്കുറയ്ക്കും എന്നും കാണുന്നു. ഈ വെട്ടിക്കുറയ്ക്കലിനെ മിതമായ ഭാഷയിൽ 'പരിഹാസ്യം' എന്നേ വിശേഷിപ്പിക്കാനാവൂ. ദൈനംദിനജീവിതത്തിൽ അദ്ധ്വാനം, ഭക്ഷണം, വിനോദം, വിശ്രമം എന്നിവയ്ക്കുള്ള സമയവിഭജനം സംബന്ധിച്ച് അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളെക്കുറിച്ച് വിവരമുള്ള ഒരു നാഗരിക സമൂഹവും ഈ 'ചുരുക്കൽ' പരിപാടി അംഗീകരിക്കയില്ല.

യു.ജി.സിയുടെ നാലാം ശമ്പളപരിഷ്കാര ഉത്തരവനുസരിച്ച് അദ്ധ്യാപകന്റെ ഒരാഴ്ചത്തെ പ്രവൃത്തിസമയം 40മണിക്കൂറാണ്. ഇതിൽ 30 മണിക്കൂർ അദ്ധ്യാപനത്തിനും 10 മണിക്കൂർ പ്രിപ്പറേഷനുമാണ്. പ്രിപ്പറേഷൻ ക്യാമ്പസിനകത്തോ, പുറത്തോ ആകാമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രിപ്പറേഷൻ സമയം മുഴുവൻ അദ്ധ്യാപകർ ക്യാമ്പസിനുള്ളിൽത്തന്നെ ആയിരിക്കണമെന്നു ഇപ്പോൾ ശഠിക്കുന്നു! യു.ജി.സി. പദ്ധതി നടപ്പാക്കുന്നത് ഓരോ സംസ്ഥാനത്തെയും സാഹചര്യങ്ങൾക്കനുസൃതമായ മാറ്റങ്ങളോടെയാണ്. യു.ജി.സി. ഉത്തരവിൽ ഇതു പറഞ്ഞിട്ടുമുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ (കോളജുകൾ) സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്യപ്പെട്ടവയാണ്, അദ്ധ്യാപകർ ക്യാമ്പസുകൾക്കു പുറത്തു താമസിക്കുന്നവരുമാണ്. പ്രിപ്പറേഷൻ പൂർണമായും ക്യാമ്പസിനുള്ളിൽതന്നെ ആയിരിക്കണം എന്നു ശഠിക്കുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യം എന്താണ്? യുക്തിക്കു നിരക്കാത്തതും, അപ്രായോഗികവുമായ ഈ തീരുമാനം എന്തിനുവേണ്ടി?

വിവാദങ്ങൾക്കു തിരികൊളുത്തിയ ഉന്നതവിദ്യാഭ്യാസസെക്രട്ടറിയുടെ ഉത്തരവ് - ശനിയാഴ്ചകൾ നിർബന്ധപ്രവൃത്തിദിവസങ്ങളാക്കിക്കൊണ്ടുള്ളത് - സർവകലാശാലയുടെ സ്വയംഭരണവുമായി ബന്ധപ്പെട്ടതാണ്. ഒരു അക്കാദമിക് വർഷത്തെ പ്രവൃത്തി ദിനങ്ങൾ സംബന്ധിച്ച കലണ്ടർ തയ്യാറാക്കുന്നതുൾപ്പെടെയുള്ള അക്കാദമികമായ എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം സർവകലാശാലയ്ക്കാണ്. ഈ അധികാരത്തിനുമേൽ കൈവച്ചവർക്കൊക്കെ കൈ പിൻവലിച്ച് പിൻവാങ്ങേണ്ടിവന്നിട്ടുണ്ട്.

അക്കാദമികവർഷത്തിന്റെ അവസാനനാളുകളിൽ, പരീക്ഷകളടുത്തുവരുന്ന ഈ ഘട്ടത്തിൽ, വിവാദങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ചവരോട് ഞങ്ങൾക്കൊന്നേ ചോദിക്കാനുള്ളു. ഇതു വേണ്ടിയിരുന്നോ? നിങ്ങളിറക്കിയിട്ടുള്ള ഉത്തരവുകൾ സദുദ്ദേശ്യപ്രേരിതങ്ങളാണോ? സാമാന്യബുദ്ധിക്കു നിരക്കാത്ത, അപ്രായോഗികമായ, അനവസരത്തിലുള്ള നിങ്ങളുടെ ഉത്തരവുകൾ ആർക്കുവേണ്ടി? എന്തിനുവേണ്ടി?

ഉന്നത വിദ്യാഭ്യാസമേഖലയിൽ നിലവിലുള്ളതെല്ലാം മാറ്റമേതുമില്ലാതെ ആചന്ദ്രതാരം തുടരണമെന്ന അഭിപ്രായം എ.കെ.പി.സി.ടി.എയ്ക്കില്ല. ഈ മേഖലയുടെ വികാസവും വളർച്ചയും സാദ്ധ്യമാക്കേണ്ടതും, ഉറപ്പുവരുത്തേണ്ടതും കാലാനുസൃതമായ മാറ്റങ്ങളിലുടെയാണ്. മാറ്റങ്ങൾ നടപ്പാക്കുന്നത് ജനാധിപത്യപരമായ രീതിയിൽ, വിശദമായ ചർച്ചകൾക്കുശേഷമായിരിക്കയും വേണം. ഏകാധിപത്യരീതിയിൽ ആയിരിക്കരുത്. ഉന്നതസ്ഥാനീയരായ ചില ഉദ്യോഗസ്ഥന്മാർക്കുണ്ടാകുന്ന വെളിപാടുകളുടെ അടിസ്ഥാനത്തിലായിരിക്കരുത്. ഉദ്യോഗസ്ഥപ്രമാണിമാർ സർവജ്ഞരാണെന്നോ, അവർക്ക് അപ്രമാദിത്വമുണ്ടെന്നോ, അവർ നക്ഷത്രങ്ങൾക്കിടയിൽനിന്നും നൂലിറങ്ങിവന്നവരാണെന്നോ ഞങ്ങൾ കരുതുന്നില്ല.

അദ്ധ്യാപകരെ സമൂഹമദ്ധ്യത്തിൽ ആക്ഷേപശരവ്യരാക്കുന്ന ഈ ഹീനതന്ത്രം ഉപേക്ഷിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ❑

# എം. കെ. പി. സി. ടി. എ

## പ്രവർത്തക സമിതി തീരുമാനങ്ങൾ
## (2000 ജനുവരി 26)

**യു**.ജി.സി. ശമ്പളപരിഷ്കരണത്തിന്റെ മറവിൽ വികലമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്താനുള്ള ഏതു നീക്കത്തേയും ചെറുത്തുതോല്പിക്കാൻ തിരുവനന്തപുരത്ത് ജനുവരി 26ന് ചേർന്ന പ്രവർത്തകസമിതി അധ്യാപകരെ ആഹ്വാനം ചെയ്തു. കോളജുകളിൽ 180 പ്രവൃത്തി ദിവസം വേണമെന്നാണ് യു.ജി.സി. പറയുന്നത്. അതിന് ആറുദിവസം വീതമുള്ള മുപ്പതാഴ്ചകളോ അഞ്ച് ദിവസം വീതമുള്ള മുപ്പത്താറാഴ്ചകളോ സ്വീകരിക്കാമെന്നും ഉത്തരവിൽ പറയുന്നു. മാത്രമല്ല ഇത്തരം കാര്യങ്ങൾ തീരുമാനിക്കേണ്ടതും അറിയിക്കേണ്ടതും യൂണിവേഴ്സിറ്റികളാണെന്ന് 1998 ഡിസംബറിൽ ഇറങ്ങിയ യു.ജി.സി. റഗുലേഷൻസിൽ വ്യക്തമായി പറയുന്നുണ്ട്. ഈ റഗുലേഷൻസിനു വിരുദ്ധമായിട്ടാണ് ഉന്നത് വിദ്യാഭ്യാസവകുപ്പ് ഇപ്പോൾ പ്രവർത്തിച്ചിരിക്കുന്നത്. അതിനാൽ ശമ്പളം തടയുമെന്ന ഭീഷണിയൊന്നും വകവയ്ക്കാതെ സമരത്തിൽ ഉറച്ചുനിൽക്കാൻ പ്രവർത്തകസമിതി അധ്യാപകരോട് അഭ്യർത്ഥിച്ചു.

### കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ്

കേരള യൂണിവേഴ്സറ്റി സിൻഡിക്കേറ്റിലേക്കു നടന്ന തെരഞ്ഞെടപ്പിൽ പുരോഗമന ശക്തികളുടെ സ്ഥാനാർത്ഥികൾക്ക് ഏറ്റവും വലിയ വിജയം നൽകിയ സെനറ്റംഗങ്ങളെ പ്രവർത്തക സമിതി അഭിനന്ദിച്ചു. എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥി പ്രൊഫ. മോഹനകുമാർ ആദ്യ റൗണ്ടിൽ തന്നെ ക്വോട്ട കിട്ടി വിജയിക്കുകയുണ്ടായി. കാലിക്കട്ട് സിൻഡിക്കേറ്റിൽ സംഘടനയ്ക്കു ലഭിച്ച തിളക്കമാർന്ന വിജയം കേരളയിലും ആവർത്തിക്കാൻ നമുക്കു കഴിഞ്ഞു.

### ഇഞ്ചിനീയറിംഗ് കോളജധ്യാപകരുടെ ശമ്പള പരിഷ്കാരം. ഫെബ്രുവരി 5ന് പ്രതിഷേധമാർച്ചും ധർണയും

യു.ജി.സി. ശമ്പള പരിഷ്കാരം ഉത്തരവായിട്ടും ഇഞ്ചിനീയറിംഗ് കോളജധ്യാപകരുടെ എ. ഐ. സി. ടി. ഇ. ശമ്പള പരിഷ്കാരം നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ച് ഫെബ്രുവരി 5ന് സെക്രട്ടേറിയറ്റുപടിക്കൽ എ. കെ. പി. സി. ടി. എ. പ്രവർത്തകർ ധർണ നടത്തും. എല്ലാ അധ്യാപകരും ഫെബ്രുവരി 5 ശനിയാഴ്ച രാവിലെ 10 ന് വി. ജെ. ടി. ഹാളിനു മുന്നിൽ എത്തിച്ചേരുക.

### പടിയാർ ഹോമിയോ കോളജ്

പടിയാൽ ഹോമിയോ കോളജ് അധ്യാപകർക്ക് ഡയറക്ട്പേമെന്റ് അനുവദിപ്പിക്കാൻ കഴിഞ്ഞത് സംഘടനാപരമായ നേട്ടമാണ്. ഗവൺമെന്റും മാനേജ്മെന്റും തമ്മിൽ ഇതു സംബന്ധിച്ചുള്ള എഗ്രിമെന്റ് ജനുവരി 24ന് ഒപ്പിടുകയുണ്ടായി.

### സസ്പെൻഷൻ പ്രശ്നം

കൊല്ലം ടി.കെ. എം. ആർട്സ് കോളജധ്യാപകർ പ്രൊഫ. യുസഫിനെ മാനേജ്മെന്റ് അന്യായമായി സസ്പെന്റ് ചെയ്ത നടപടിയിൽ ശക്തമായ പ്രതിഷേധം സംഘടന അറിയിച്ചിരുന്നു. സസ്പെൻഷൻ കാലാവധി നീട്ടുന്നതിനെ നമ്മൾ ശക്തമായി എതിർത്തു. ഏതായാലും സസ്പെൻഷൻ കാലാവധി നീട്ടണമെന്ന മാനേജ്മെന്റിന്റെ ആവശ്യം വൈസ്ചാൻസലർ തള്ളിക്കളഞ്ഞിരിക്കുകയാണ്. ഇതുവഴി സംഘടനയുടെ ന്യായമായ നിലപാട് അംഗീകരിച്ചു കിട്ടിയിരിക്കുന്നു.

### മെമ്പർഷിപ്പ് നാലായിരത്തിനുമേൽ ആക്കുക.

കഴിഞ്ഞ വർഷം എ. കെ. പി. സി. ടി. എ. യുടെ അംഗസംഖ്യ 3922 ആയിരുന്നു. റിട്ടയർമെന്റുകൾ ധാരാളമുണ്ടാകുന്ന കാലമാണെങ്കിലും ഈ വർഷം മെമ്പർഷിപ്പ് 4000ത്തിനുമേൽ ആക്കാൻ പ്രവർത്തകസമിതി അഭ്യർത്ഥിച്ചു. ബ്രാഞ്ചുകൾ പുതിയ മെമ്പർ മാരെ കണ്ടെത്തി ഉടൻ തന്നെ ട്രഷററെ അറിയിക്കുക.

### എം. ജി. യൂണിവേഴ്സിറ്റി തെരഞ്ഞെടുപ്പ്

മാർച്ചിൽ നടക്കുന്ന എം.ജി. യുണിവേഴ്സിറ്റി സെനറ്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ ആരംഭിക്കാൻ എല്ലാ ബ്രാഞ്ചുകളോടും പ്രവർത്തക സമിതി ആഹ്വാനം ചെയ്തു.

### നമ്മുടെ സ്ഥാനാർത്ഥികൾ

| | |
|---|---|
| 438 ജോസഫ്കുഞ്ഞ്പോൾ | മാർ അത്തനേഷ്യസ് ഇഞ്ചിനീയറിംഗ് കോളജ്, കോതമംഗലം |
| 920 കെ. കൃഷ്ണദാസ് | ശ്രീ ശങ്കരാകോളജ്, കാലടി |
| 1069 വി. സി. ആന്റണി | സെന്റ് പോൾസ് കോളജ് കളമശ്ശേരി |
| 1412 ഡോ. ജോസഫ് ജോസ് | എസ്. എച്ച്. കോളജ്, തേവര |
| 1527 കെ. വി. ഡൊമിനിക് | ന്യൂമാൻസ് കോളജ്. തൊടുപുഴ |
| 1894 കെ. മാത്യു | ബസേലിയസ് കോളജ് കോട്ടയം |
| 2321 ജെയിംസ് ഫിലിപ്പ് | ദേവമാതാ കോളജ്, കുറവിലങ്ങാട് |
| 2585 ഡോ. കെ. വിജയകൃഷ്ണൻ | എൻ. എസ്. എസ്. ഹിന്ദു കോളജ്, ചങ്ങനാശ്ശേരി |
| 2669 വി. ജെയിംസ് | എസ്. ബി. കോളജ്, ചങ്ങനാശ്ശേരി |
| 2857 സി. എ. തോമസ് | സെന്റ് ഡൊമിനിക്സ് കോളജ്, കാഞ്ഞിരപ്പള്ളി |
| 2988 ഇ. എ. തോമസ് | സെന്റ് സ്റ്റീഫൻസ് കോളജ്, ഉഴവൂർ |

| | |
|---|---|
| ... പി. കെ. രാധാകൃഷ്ണനുണ്ണിക്കർ | ഡി.ബി. പമ്പാകോളജ്, പരുമല |
| ... അലക്സാണ്ടർ കെ. സാമുവൽ | സെന്റ് തോമസ് കോളജ്, കോഴഞ്ചേരി |
| ... ഡോ. എ.സണ്ണികുര്യാക്കോസ് | യു.സി. കോളജ്, ആലുവ |

## രജിസ്ടേർഡ് ഗ്രാജ്വേറ്റ് മണ്ഡലം

എം.ജി. യൂണിവേഴ്സിറ്റി സെനറ്റ് തെരഞ്ഞെടുപ്പിൽ രജിസ്ടേർഡ് ഗ്രാജ്വേറ്റ് മണ്ഡലത്തിൽ നിന്നും താഴെപ്പറയുന്നവർ എ. കെ. പി. സി. ടി. എ. പിന്തുണയോടെ മത്സരിക്കുന്നതാണ്. ഇവരെ വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങളും തുടങ്ങുക.

1. പ്രൊഫ. ടി. ജോർജ് സെബാസ്റ്റ്യൻ
2. പ്രൊഫ. ടി. എം. തോമസ്
2. പ്രൊഫ. എം. ജി. ഗോപാലകൃഷ്ണൻനായർ

## കേരള യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ്

കേരള യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലിലേക്ക് ഫെബ്രുവരി 17ന് നടക്കുന്ന തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എ. കെ. പി. സി. ടി. എ – എ. കെ. ജി. സി. ടി. സ്ഥാനാർത്ഥികളിൽ പതിമൂന്നുപേർ എതിരില്ലാതെതന്നെ തെരഞ്ഞെടുക്കപ്പെട്ടു.

### എതിരില്ലാതെ വിജയിച്ചവർ

| | |
|---|---|
| ഇംഗ്ലീഷ് | പ്രൊഫ. ജോർജ് ജോസഫ്, ക്രിസ്ത്യൻ കോളജ്, ചെങ്ങന്നൂർ |
| സുവോളജി | ഡോ. വി. ആർ. വിജയലക്ഷ്മി, എൻ. എസ്. എസ്. കോളജ്, പന്തളം |
| പോളിമർ കെമിസ്ട്രി | ഡോ. എം. എസ്. ഷീല, മന്നാനിയാ കോളജ്, പാങ്ങോട് |
| മ്യൂസിക് | പ്രൊഫ. കെ. സുമനാദേവി, ഗവ.വിമൻസ് കോളജ്, തിരുവനന്തപുരം |
| അറബിക് | പ്രൊഫ. എൻ. ഇല്യാസ്കുട്ടി, യൂണി. കോളജ്, തിരുവനന്തപുരം |
| സംസ്കൃതം | പ്രൊഫ. വി. മാധവൻപിള്ള, യൂണി. കോളജ്, തിരുവനന്തപുരം |
| ജിയോളജി | പ്രൊഫ. എം.ഡി.രതീഷ്കുമാർ, എസ്.എൻ.കോളജ്, ചെമ്പഴന്തി |
| കമ്പ്യൂട്ടർസയൻസ് | ഡോ. ലിസജോ, കേരള സർവ്വകലാശാല |
| ജർമൻ | പ്രൊഫ. എസ്. ശ്രീകാന്തൻ, കേരള സർവ്വകലാശാല |
| ഡെമോഗ്രഫി | ഡോ. പി. മോഹനചന്ദ്രൻനായർ കേരളസർവ്വകലാശാല |
| ഉറുദു | ഡോ.വി. നരേന്ദ്രൻ കേരള സർവ്വകലാശാല |
| കമ്മ്യൂണിക്കേഷൻ & ജേർണലിസം | പ്രൊഫ. കെ.വി. രാമൻകുട്ടി കേരള സർവ്വകലാശാല |
| ലൈബ്രറി & ഇൻഫർമേഷൻ സയൻസ് | ഡോ. കെ.കെ. ലളിതാഭായി കേരള സർവ്വകലാശാല |

### നമ്മുടെ സ്ഥാനാർത്ഥികൾ

| | |
|---|---|
| മലയാളം | ഡോ. ആർ. ബി. രാജലക്ഷ്മി, എം. ജി. കോളജ്, തിരുവനന്തപുരം |
| കോമേഴ്സ് | പ്രൊഫ. എം. ഫിലിപ്പോസ്, എം. എസ്. എം. കോളജ്. കായംകുളം |
| ഫിസിക്സ് | ഡോ. ബി. ജയചന്ദ്രൻ, എസ്. എൻ. കോളജ്, വർക്കല |
| എഡ്യൂക്കേഷൻ | തോമസ് ഉഴവത്ത്, പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളജ്, മാവേലിക്കര |
| മാത്തമാറ്റിക്സ് | പ്രൊഫ. എം.വി. സുദർശനൻ, എസ്, ഡി. കോളജ്, ആലപ്പുഴ |
| ഫിസിക്കൽ എഡ്യൂക്കേഷൻ | പ്രൊഫ. പി. മാത്യു. ഇക്ബാൽ കോളജ്, പെരിങ്ങമല |
| സ്റ്റാറ്റിസ്റ്റിക്സ് | എൻ. ശശികുമാർ, ഡി. ബി. കോളജ്, ശാസ്താംകോട്ട |
| ഇക്കണോമിക്സ് | ഡോ. എം. ജയപ്രകാശ്, എസ്. എൻ. കോളജ്, കൊല്ലം |
| ഹോം സയൻസ് | പി. ആർ. ലതി, എൻ. എസ്. എസ്. വനിതാ കോളജ്, തിരുവനന്തപുരം |
| ഇഞ്ചിനീയറിംഗ് | ബി. വിജയകുമാർ, ടി. കെ. എം. ഇഞ്ചിനീയറിംഗ് കോളജ്, കൊല്ലം |
| ബോട്ടണി | ഡോ. പ്രിയദർശൻ ദാമോധർ പ്രസാദ്, എസ്. എൻ. കോളജ്, കൊല്ലം |
| കെമിസ്ട്രി | ഡോ. എ. സലാഹുദീൻകുഞ്ഞ്, യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം |
| ഫ്രഞ്ച് | ലൈലദാസ്, ഗവ. വനിതാകോളജ്, തിരുവനന്തപുരം |
| ഫിലോസഫി | എ. എം. നന്ദകുമാർ, യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം |
| ഹിന്ദി | ഡോ. പി. ജെ. ശിവകുമാർ, യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം |
| ജ്യോഗ്രഫി | ജെ. അനിൽകുമാർ, യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം |
| ഇസ്ലാമിക്സ്റ്റഡീസ് | എം. അബ്ദുൾ റഹീം, യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം |
| തമിഴ് | എം. എം. മീരാൻ പിള്ള, യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം |
| ഹിസ്റ്ററി | എൻ. രാജഗോപാൽ, ഗവ. കോളജ്, നെടുമങ്ങാട്. |
| പൊളിററിക്സ് | ഡോ. ജെ. പ്രഭാഷ്, കേരള സർവ്വകലാശാല |
| സൈക്കോളജി | ഡോ. എസ്. ജയകുമാരി, കേരള സർവ്വകലാശാല ❑ |



കഥാപ്രസംഗ കല
ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക്...

## ബത്ശേബയുടെ കാമുകൻ

(തോമസ് ഹാർഡിയുടെ
Far From the Madding Crowd)



കഥാപ്രസംഗ സാക്ഷാത്കാരം

**പ്രൊഫ. വസന്തകുമാർ സാംബശിവൻ** M.Sc., M.Phil
(കൊല്ലം-12, ☎0474-796369, 796229)

ഇതര കഥകൾ - ഒഥെല്ലോ, ഉയിർത്തെഴുന്നേല്പ്, ആയിഷ, അനിത്യ, ഭൂമുദേവൻ, പ്രഭു, രോമ, ഊർജ്ജമെ ഉലകം, സഖാവ് ഇ.എം.എസ്., ജനവിധി


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KERALA PRIVATE COLLEGE TEACHER

| | |
|---|---|
| Place of Publication | Thiruvananthapuram |
| Periodicity of Publication | Monthly |
| Printer's Name | Prof. S. Viswanathan |
| Nationality | Indian |
| Address | Sangamom, US Road, Vellayambalam, Thiruvananthapuram-10 |
| Publisher's Name | Prof. S. Viswanathan |
| Nationality | Indian |
| Address | Sangamom, US Road, Vellayambalam, Thiruvananthapuram-10 |
| Editor's Name | Prof. R. Mohana Kaimal |
| Nationality | Indian |
| Address | Saranga, TC 22/704 Attukal, Manacaud P.O. Thiruvananthapuram - 9 |
| Name and address of individuals who own the news paper | All Kerala Private College Teachers' Association, Vanchiyoor, Thiruvananthapuram - 35 |

I, Prof. S. Viswanathan, hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
22-2-2000

**Prof. S. Viswanathan**
Publisher

സർവീസിലിരിക്കെ മരിച്ചുപോകുന്ന അധ്യാപകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന്

എ.കെ.പി.സി.ടി.എ വെൽഫയർ ട്രസ്റ്റിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക.

## എ.കെ.പി.സി.ടി.എ

# 42–ാം സംസ്ഥാന സമ്മേളനത്തിലേക്ക്

### മാർച്ച് 10, 11, 12ന് കോട്ടയത്ത്
### (മോഹൻ കുര്യൻ നഗർ)

എ.കെ.പി.സി.ടി.എ 42–ാം സംസ്ഥാനസമ്മേളനം കോട്ടയത്ത് മാമ്മൻ മാപ്പിളഹാളിൽ മാർച്ച് 10, 11, 12 തീയതികളിൽ നടക്കുകയാണ്. സംഘടനയുടെ ചരിത്രത്തിൽ നിർണ്ണായക കാലഘട്ടമാണ് കടന്നുപോകുന്നത്. 5–ാം യു.ജി.സി. സ്കീം കേരളത്തിൽ നടപ്പാക്കി. പ്രീഡിഗ്രി കോളജുകളിൽനിന്നും മാറ്റുന്ന പ്രക്രിയ തുടരുന്നു. പുതിയ യു.ജി.സി സ്കീമിൽ സ്കീം / സ്കെയിൽ വ്യത്യാസം എടുത്തു കളയുകയും മുഴുവൻ കോളജധ്യാപകർക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കോളജധ്യാപകർക്ക് ഉണ്ടായിരുന്ന ആശങ്കകൾക്ക് ആശ്വാസം ലഭിച്ച സമയമാണിത്. എന്നാൽ യു.ജി.സി. സ്കീമിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കാൻ ശ്രമിക്കുകയും, പുതിയ പ്രശ്നങ്ങൾ നേരിടാനുള്ള സംഘടനാശേഷി വർദ്ധിപ്പിക്കുകയും വേണം.

മതേതരത്വം, ജനാധിപത്യം, സോഷ്യലിസം എന്നീ മൂല്യങ്ങൾക്ക് മുമ്പെന്നത്തെക്കാളും വെല്ലുവിളി ഉയർന്നിരിക്കയാണ്. ഫാസിസവും, വർഗ്ഗീയതയും, ഭരണാധികാരികൾ തന്നെ മാന്യവത്ക്കരിക്കുന്ന സ്ഥിതിയാണ്. തെറ്റായ സാമ്പത്തികനയവും, സ്വകാര്യവൽക്കരണവും, കമ്പോളവൽക്കരണവും സകലമേഖലകളേയും ആവാഹിച്ചധീനമാക്കാൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ മൂല്യബോധത്തിന്റെയും പുരോഗമന ആശയങ്ങളുടെയും, ഗുണപരമായ പരിവർത്തനത്തിന്റെയും സന്ദേശവാഹകരാകേണ്ട അധ്യാപകർ കർമ്മ നിബദ്ധരാകേണ്ടത് അനുപേക്ഷണീയമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് കാലോചിതമായി വരുത്തേണ്ട ഗുണപരമായ മാറ്റങ്ങളെപ്പറ്റി ഗൗരവമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഈ കാലയളവിൽ അക്കാഡമിക് മുന്നേറ്റത്തിന് ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട്. കോളജുകളെ പഠനകേന്ദ്രങ്ങളാക്കി കലാലയാന്തരീക്ഷം മെച്ചപ്പെടുത്തി വരും തലമുറയെയും സമൂഹത്തേയും നേർദിശയിലേക്കാനയിക്കുവാൻ പ്രതിജ്ഞാബദ്ധരാണ് അദ്ധ്യാപകസമൂഹം.

### സ്വാഗതസംഘം

സംസ്ഥാനസമ്മേളനം വിജയകരമായി നടത്തുന്നതിന് വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു. ജനുവരി 18ന് കോട്ടയം ബസേലിയസ് കോളേജിൽ കൂടിയ സ്വാഗതസംഘയോഗം ശ്രീ. കെ. സുരേഷ്കുറുപ്പ് എം.പിയെ ചെയർമാനായും, പ്രൊഫ. കെ. സദാശിവൻനായരെ ജനറൽകൺവീനറായും പ്രൊഫ. പി.ഡി. ശശിധരനെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുത്തു. 101 പേരുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും, 501 പേരുള്ള ജനറൽ കമ്മറ്റിയും രൂപീകരിച്ചു. ഇനി പ്പറയുന്ന 9 സബ്കമ്മറ്റികളും ഉണ്ടാക്കി.

| | | ചെയർമാൻ | കൺവീനർ |
|---|---|---|---|
| 1 | ഫിനാൻസ് കമ്മറ്റി | ശ്രീ. വി. എൻ. വാസവൻ | ശ്രീ. കെ. മാത്യു |
| 2 | പ്രോഗ്രാം | ശ്രീ. സി. എൻ. സത്യനേശൻ | ശ്രീ. തോമസ് ജോസഫ് |
| 3 | പ്രചാരണം, മീഡിയ | ശ്രീ. കെ. പി. സുഗുണൻ | ശ്രീ. ജയിംസ് ഫിലിപ്പ് |
| 4 | ഭക്ഷണം | ശ്രീ. ആർ.കെ. മേനോൻ | ശ്രീ. സക്കറിയ ഉമ്മൻ |
| 5 | അക്കോമഡേഷൻ | ശ്രീ. പി. കെ അബ്ദുൽകരിം | ശ്രീ. വി. എൽ. ആന്റണി |
| 6 | റിസപ്ഷൻ | ശ്രീ. ബി. ആനന്ദക്കുട്ടൻ | ശ്രീ. ഹരേഷ് |
| 7 | വോളന്റിയർ | ശ്രീ. കെ. കെ. രാജു | ശ്രീ. കെ. രാധാകൃഷ്ണൻ |
| 8 | മെഡിക്കൽ | ഡോ. ഇക്ബാൽ | ഡോ. വിജയലക്ഷ്മി |
| 9 | പ്രകടനം | ശ്രീ. പി. ജെ. വർഗീസ് | ശ്രീ. ഐസക്ക് പി. എബ്രഹാം |

കോട്ടയത്തെ വർഗ ബഹുജന സർവ്വീസ് സംഘടനകളുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും സഹായത്തോടെ സംസ്ഥാന സമ്മേളനത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. മാർച്ച് 10ന് സംസ്ഥാനകമ്മറ്റിയും, സംസ്ഥാന കൗൺസിലുമാണ് ചേരുന്നത്. ഉദ്ഘാടന വിദ്യാഭ്യാസ പൊതുസമ്മേളനങ്ങളും പ്രകടനവും 11നും. യാത്രയയപ്പ് സമ്മേളനവും തെരഞ്ഞെടുപ്പും 12നും ആയിരിക്കും.

### ഡലിഗേറ്റ് ഫീസ്

സംഘടനാ അംഗങ്ങളിൽ നിന്നും ഡലിഗേറ്റ്ഫീസ് പിരിച്ചാണ് സമ്മേളനചെലവ് വഹിക്കുന്നത്. കോട്ടയം – ഇടുക്കി

പത്തനംതിട്ട ആതിഥേയ ജില്ലകളായതിനാൽ ഓരോ അം ഗവും 125 രൂപ ഡലിഗേറ്റ് ഫീസ് അടക്കണം. മറ്റു ജില്ലക ളിൽ അംഗങ്ങൾക്ക് 75 രൂപ വീതവും, കൗൺസിലംഗങ്ങൾ ക്ക് 125 രൂപ വീതവുമാണ് ഡലിഗേറ്റ് ഫീസ്. സമ്മേളനചെ ലവ് നേരത്തെ വേണ്ടിവരുന്നതിനാൽ ആതിഥേയ ജില്ലക ളിലുള്ള മുഴുവൻ അംഗങ്ങളുടെയും ഡലിഗേറ്റ് ഫീസ് ജനു വരിമാസത്തെ ശമ്പളത്തിൽ നിന്ന് പിരിച്ച് ഫെബ്രുവരി 5നകം എത്തിക്കണം. മറ്റു ജില്ലകളിൽനിന്ന് ഭാഗികമായെ ങ്കിലും ഡലിഗേറ്റ് ഫീസ് നേരത്തെ അയച്ചുതരണം.

പ്രൊഫ. കെ. മാത്യു, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, ബസേലിയസ് കോളജ്, കോട്ടയം എന്ന വിലാസത്തിൽ ഡി.ഡി. ആയി അയയ്ക്കണം.

## പ്രചാരണവും, പങ്കാളിത്തവും

ബ്രാഞ്ചുകളിൽ ബോർഡ്, ബാനർ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കണം. വാഹനം ഏർപ്പാടുചെയ്ത് മു ഴുവൻ അംഗങ്ങളെയും കോട്ടയത്ത് പ്രകടനത്തിന് എത്തി ക്കണം. ബ്രാഞ്ച് ജില്ലാ സമ്മേളനങ്ങൾ ഫെബ്രുവരിമാ സത്തിൽ നടക്കുമ്പോൾ സംസ്ഥാനസമ്മേളനത്തിന് ഓ രോ ബ്രാഞ്ചിൽനിന്നും വരുന്നവരുടെ സംഖ്യ നിജപ്പെടു ത്തുകയും ജനറൽ കൺവീനറെ അറിയിക്കുകയും വേ ണം. ചെറുതും വലുതുമായ കൊടികൾ കൊണ്ടുവരണം.

## തെരഞ്ഞെടുപ്പ്

ബ്രാഞ്ച് ജില്ലാ തെരഞ്ഞെടുപ്പ് ഫലം സംസ്ഥാന റി ട്ടേണിംഗ് ഓഫീസർക്ക് അയച്ചുകൊടുക്കണം. (പ്രൊഫ. എ. എം. കൃഷ്ണൻ, എസ്. എൻ. കോളജ്, നാട്ടിക, തൃശൂർ)

## വെൽഫെയർ ട്രസ്റ്റ്

വെൽഫെയർ ട്രസ്റ്റിന്റെ സംഖ്യ ഏല്പിക്കുന്നതിന് സർവ്വീസിലിരിക്കെ മരണമടഞ്ഞ അദ്ധ്യാപകരുടെയും, അവകാശികളുടെയും പേരുവിവരങ്ങൾ ജനറൽ സെക്ര ട്ടറിയെ രേഖാമൂലം അറിയിക്കണം.

## അക്കോമഡേഷൻ

പ്രത്യേക താമസസൗകര്യം ആവശ്യമുള്ളവർ അക്കോ മഡേഷൻ കമ്മറ്റി കൺവീനർക്ക് (പ്രൊഫ. വി. എൻ. ആന്റണി, കെമിസ്ട്രി വിഭാഗം, സി. എം. എസ്. കോളജ്, കോട്ടയം) കത്തും പണവും, മുൻകൂട്ടി അയച്ചുകൊടു ക്കണം.

## ജേർണ്ണൽ സ്പെഷ്യൽ

സമ്മേളനത്തോടനുബന്ധിച്ച് ജേർണ്ണൽ സ്പെഷ്യൽ പതിപ്പ് ഇറക്കുന്നുണ്ട്. ഓരോ ബ്രാഞ്ചും കുറഞ്ഞത് ഒരു പരസ്യമെങ്കിലും നിർബന്ധമായും സമാഹരിച്ച് ചീഫ് എ ഡിറ്ററക്ക് (പ്രൊഫ. ആർ. മോഹനകൈമൾ, എ. കെ. പി. സി. ടി. എ. സംസ്ഥാനക്കമ്മറ്റി ഓഫീസ്, വഞ്ചിയൂർ, തി രുവനന്തപുരം 35) ഫെബ്രുവരിമാസത്തിൽ തന്നെ എത്തി ക്കണം. താരിഫ് കാർഡുകൾ നേരത്തെയെത്തിക്കുന്നതാ ണ്.

## യാത്രയയപ്പ് സമ്മേളനം

ഓരോ ബ്രാഞ്ചിൽ നിന്നും ഈ വർഷം റിട്ടയർ ചെ യ്യുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ ജനറൽ സെക്രട്ടറിയെ അറിയിക്കണം. അവർക്ക് ക്ഷണക്കത്ത് വാങ്ങിക്കൊടുക്കു കയും, സമ്മേളനത്തിനെത്തിക്കയും ചെയ്യേണ്ട ചുമതല ബ്രാഞ്ചുകൾ ഏറ്റെടുക്കണം.

ഡലിഗേറ്റ് ഫീസും, പരസ്യങ്ങളും സംഘടന ആവ ശ്യപ്പെടുന്ന വിവരങ്ങളും കൃത്യമായി നൽകുകയും സ മ്മേളനത്തിന് പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുക യും വേണം. എ. കെ. പി. സി. ടി. എ. യുടെ മുമ്പോ ട്ടുള്ള ഗതിക്ക് വേഗതകൂട്ടാൻ ഈ സമ്മേളനം ഉപകരി ക്കണം. സ്വകാര്യ കോളജ് അദ്ധ്യാപകരുടെ ആശയും ആവേശവും, മോചനമാർഗ്ഗവും, രക്ഷാകവചവുമായ നമ്മുടെ സംഘടന ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളിലൂ ടെ മുന്നേറാൻ ഈ സമ്മേളനം കരുത്തേകണം. സാമൂ ഹ്യ പ്രതിബദ്ധതയോടെ ഉന്നത വിദ്യാമേഖലയിൽ പ്രവർ ത്തിക്കുന്ന എ. കെ. പി. സി. ടി. എ. യുടെ 42-ാം സം സ്ഥാനസമ്മേളനം വിജയിപ്പിക്കുവാൻ എല്ലാ ബ്രാഞ്ചു കളുടെയും, മുഴുവൻ അംഗങ്ങളുടെയും നിർലോഭമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥി ക്കുന്നു. □

# സ്വീകരണം നൽകി

കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എ.കെ.പി.സി.ടി.എ പ്ര തിനിധി ബത്തേരി സെന്റ് മേരീസ് കോളേജ് അധ്യാപകൻ പ്രൊ. ടി. കെ. തോമസ്സിനും, എ.കെ.പി.സി.ടി.എയുടെ മുൻ ജനറൽ സെക്രട്ടറിയും, പ്രസിഡന്റുമായിരുന്ന പ്രൊഫ. വി. നാരാ യണൻ കുട്ടിയ്ക്കും, വിദ്യാർത്ഥിപ്രതിനിധിയായ എസ്.എഫ്.ഐ സംസ്ഥാന വൈസ് പ്രസിഡന്റ് ചേ ളന്നൂർ എസ്.എൻ. കോളേജ് വിദ്യാർത്ഥിനി കുമാരി പി. സ്മിജയ്ക്കും സാമൂതിരി ഗുരുവായൂരപ്പൻ കോളജ് എ.കെ.പി.സി.ടി.എ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോളജിൽ വെച്ച് സ്വീകരണം നൽകി.

അനുമോദനയോഗത്തിൽ പ്രൊഫ. പി. പത്മനാഭൻ അധ്യക്ഷനായിരുന്നു. ജോയന്റ് സിക്രട്ടറി പി. ടി. മാലിനി സ്വാഗതമാശംസിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളെ അനുമോദിച്ചുകൊണ്ട് സംസ്ഥാന സെ ക്രട്ടറി പ്രൊഫ. വി. രാജഗോപാലൻ, ജില്ലാ സെക്രട്ടറി ഡോ. ഡി.കെ. ബാബു, അക്കാഡമിക് കൗൺ സിൽ അംഗം പ്രൊഫ. ഡി. ദാമോദരൻ നമ്പൂതിരി, ഗോവിന്ദവർമ്മ, സെനറ്റ് അംഗം പി. രവീന്ദ്രൻ, കെ.ടി. സ്വാമിദാസൻ എന്നിവർ സംസാരിച്ചു. സിൻഡിക്കേറ്റ് അംഗങ്ങൾ സ്വീകരണത്തിന് കൃതജ്ഞത രേഖപ്പെടുത്തി.

*The AKPCTA takes pride in being the only organisation to have submitted a memorandum to the Fifth Pay Commission highlighting the requirements of higher education in Kerala. We give below the first part of the memorandum submitted to the Pay Commission.*

# Facets of Kerala's Educational Backwardness

## Part I

**The** outstanding successes of Kerala in achieving near total literacy, universal enrolment at the primary level, small number of dropouts from the school system and the availability of educational institutions in the neighbourhoods even in the rural areas have been acclaimed both in India and abroad. In these respects, Kerala is often compared not with other Indian states or developing countries but with developed countries.

But these achievements of Kerala, no doubt laudable, conceal more than they reveal. Serious drawbacks of Kerala's educational system are often glossed over amidst widespread euphoria. When the funding agencies at the national level including the Finance Commissions are also misled to see only the positve features, the financial crisis in Kerala's educational sector gets aggravated.

Basically, achievements of Kerala's educational system are more quantitative than qualitative. In its eagerness to reach across all segments of Kerala society, the governments had been spreading the butter too thin. As a result, the huge infrastructure which had been built up in the past are today starved of current inputs. The much needed modernisation and diversification have not been taking place due to paucity of investment funds leading to deterioration in quality.

Even in quantitative terms there have been failures in expanding capacity in the field of higher and technical education as also research. This has led to large scale migration of students seeking opportunities for higher and technical education to other states. In fact, Kerala's present problems in this respect are second generation problems. With near total enrolment at the school level as in the case of advanced countries, the demand for tertiary enrolment has gone up. In the advanced countries where school enrolment has become universal, the tertiary enrolment ratio is as high as 37 per cent. The ratio for the East Asian countries is 36 per cent. But the tertiary enrolment of Kerala is lower than even the national average. It appears that Kerala has inherited one of the advanced countries, problems in education without the financial means for solving them.

The resons for the allround deterioration in Kerala's educational system are manifold and are inter related. Some of these reasons are common to the country as a whole. Some of these, however, are unique to the state as they arise out of its present stage of educational development which is more advanced in some respects than that of the country as a whole. This has led to conflicts in priorities of the centre and the state. While the Centre's priority even now is for providing literacy and elementary education, the State's priorities are for providing more opportunities for higher and technical education as well as research. While the Centre's priorities are for quantitative expansion, the State's priorities are for consolidation of the past gains and making qualitative improvements. This conflict in priorities has aggravated the financial crisis in the state's educational sector as the financial flows from the Centre to all sub sectors of Kerala's educational sector has tapered off.

The shift in priorities of the Central government towards school education in the nineties has adversely affected Kerala as it is more advanced than other states

in school education, at least in quantitative terms. but the reduced financial involvement of the Central government in higher education as well as technical education is affecting Kerala more adversely as the flow of budgetary funds to UGC and AICTE is getting drastically reduced. And the higher education system's dependence on the above Central agencies is more in the state due to state government's insufficeint capacity to provide for this sub-sector of education due to its fiscal crisis.

All the Central funding agencies as also the Finance Commissions had always taken note of Kerala's social development particularly educational development. But as noted earlier, they have failed to take cognisance of either the qualitative dimensions of Kerala's achievements or the problems induced by state's very success in school education. The fact that one fifth of Kerala's population are students has escaped the attention of national level funding agencies. The impact of this phenomenon is not only on the state's budget but also on its economy. The implications of this phenomenon has been missed by all funding agencies as also Finance Commissions.

As is well known the state faces an actute fiscal crisis resulting largely from the slow growth of its resource base as indicated by the slow growth of its SDP. Though the state spends nearly seven per cent of its SDP on education (the highest among major states and more than what was recommended by the Kothari Commission), the small size of the SDP as also its slow growth has made it difficult for the state to meet the increasing demand for its educational sector. Faced with stagnation in its commodity producing sectors, obsolete infrastructure and mounting unemployment problem, the state is now forced to spend more on these sectors. The consequent reduction in the share of education in state's budget has starved the educational sector of funds. The reduced allocation to this sector under successive Five Year Plans has slackened fresh investments in this sector. Nearly 97 per cent of the educational expenditure is for meeting the non-plan requirements. About ninety per cent is for salaries alone. As a result, current inputs so essential for better utilising of the large infrastructure built up in the past are not forthcoming. This leads to fast deterioration in the quality of education. From the Fifth Plan onwards, expenditure on education at constant prices has shown one of the lowest growth rates among states. In fact, the meagre annual growth rate of 3.2 percent recorded during 1974-75 to 1984-85 dipped to 1.1 per cent during the subsequent period of 1985-86 to 1991-92[1].

*Table 1: Rates of Growth in Real per Capita Expenditure on Education*

| State | 1974-75 to 1984-85 | 1985-86 to 1991-92 |
|---|---|---|
| Andhra Pradesh | 7.3 | 3.0 |
| Assam | 6.3 | 2.8 |
| Bihar | 9.1 | 7.9 |
| Gujarat | 5.8 | 3.8 |
| Haryana | 5.8 | 4.2 |
| Karnataka | 5.7 | 4.6 |
| Kerala | 3.2 | 1.1 |
| Madhya Pradesh | 4.1 | 6.6 |
| Maharashtra | 5.4 | 5.1 |
| Orissa | 4.3 | 5.8 |
| Punjab | 5.2 | 7.1 |
| Rajastan | 5.1 | 7.1 |
| Tamil Nadu | 5.6 | 6.1 |
| Uttar Pradesh | 4.5 | 8.3 |
| West Bengal | 6.9 | 5.2 |

Regrettably, all Finance Commisions in the past have failed to provide adequately for the educational sector of Kerala. It appears that they too had been misled by the rosy picture projected of Kerala's educational sector. All Finance Commissions while working out the-formula for tax sharing have been taking into account the social backwardness of states. Two of the important components of social backwardness had been the backwardness in school level education and literacy. The Tenth Finance Commission had gone by an index of infrasrructure development for which a few indicators of educational development had also been used. But none of the Finance Commissions had taken note of the qualitative dimensions of Kerala's educational development. None had taken into account the backwardness of Kerala in higher and technical education, both in quantitative and qualitative terms.

Kerala had been receiving only negligible sums as statutoty grants from 1979 - 80 onwards. The seventh and the eighth and the tenth Finance Commissions had not given any grants to Kerala under the substantive provisions of Article 275 of the constitution. The Ninth Finance Commission had given only nominal grants. This is because of the surpluses in the non-plan account assumed by the Finance Com-

mission. But the surpluses assumed by the Finance Commissions had invariably turned into deficits. This in turn was due to the unrealistic estimates regarding the state's expenditure. While this is true about their estimates regarding all states, it is particularly true of Kerala as the Finance Commissions had shown little appreciation of the peculiarities of the pattern of Kerala's expenditure weighed in favour of social and community services[2]. This pattern makes the share of revenue expenditure particularly the recurring non-plan revenue expenditure very high. The budgetary priorities in favour of social services, particularly education, have raised the component of compensation for employees in the state's budget. The larger number of employees needed to provide social and educational services makes the state vulnerable to any revision in the scales of pay, dearness allowance and pensions.

All Finance Commissions had been under estimating the state's non-plan expenditure on education. The Eighth Finance Commission had forecast a non-plan expenditure of Rs.1,500 crores for education. The actuals turned out to be Rs.2,149 crores showing a variation of 43.3 per cent. The Ninth Finance Commission in its second report had implicitly forecast an increase of 3.3 per cent in 1994-95 over the budget estimates of 1989-90 for primary education as against 40.3 per cent for all major states. For higher education, the growth rate envisaged by the commission was only 22.7 per cent against 40.3 per cent for all states[3]. The Tenth Finance Commission's forecast of expenditure on education during the five year period 1995-96 to 1999-2000 was Rs.6911 crores while the actual turned out to be Rs.9873 crores showing a variation of 42.9 per cent.

With regard to grants for upgradation of educational services, the Eighth and the Ninth Finance Commissions did not provide any grant at all to Kerala. The upgradation grants provided by the Tenth Finance Commission for this sector formed just 0.7 per cent of the total upgradation grants to education sector. The state obviously is a victim of its success in attaining above average standards in school education, though only in quantitative terms. At the same time, as noted earlier, some of the second generation problems induced by Kerala's very success in school education with serious fiscal implication, have clearly escaped the attention of successive Finance Commissions. In order that the Eleventh Finance Commission does not repeat the mistakes of the previous Commissions, we are giving in the following sections some of the deficiencies of Kerals's educational system.

*will continue...*

## അനുമോദിച്ചു

കേരള സർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ് ലഭിച്ച പ്രൊഫ. കെ. എസ്. രവികുമാറിനെ എം.ജി. കോളജ് എ.കെ.പി.സി.ടി.എ ഘടകം അനുമോദിച്ചു. ഇതുസംബന്ധിച്ച് ചേർന്ന യോഗത്തിൽ ബ്രാഞ്ച് പ്രസിഡന്റ് പ്രൊഫ. നരേന്ദ്രനാഥൻ അദ്ധ്യക്ഷനായിരുന്നു. എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പ്രൊഫ. വി. എൻ.മുരളി, സിൻഡിക്കേറ്റ് അംഗം പ്രൊഫ. കെ. പി. ദിവാകരൻ നായർ, ശ്രീ. മധുസുദനൻപിള്ള, ഡോ. ആർ. കൃഷ്ണൻ, ഡോ. കൃഷ്ണകുമാർ, ഡോ. ആർ. ബി. രാജലക്ഷമി, ഡോ. സുദർശനകുമാർ, ഡോ. രാജേന്ദ്രബാബു, പ്രൊഫ. കരുണാകരൻ എന്നിവർ ഡോ. രവികുമാറിനെ അനുമോദിച്ചു കൊണ്ടു സംസാരിച്ചു. ഡോ. രവികുമാർ അനുമോദനങ്ങൾക്കും ആശംസകൾക്കും നന്ദി പറഞ്ഞു.



കൊല്ലം റവന്യൂ ജില്ലാ കലോത്സവത്തിൽ സംസ്കൃതോത്സവത്തിൽ യു. പി. വിഭാഗം കലാതിലകം കൃഷ്ണപ്രിയ കെ.എൽ (A.S.H.S.S. Parippally). തിരുവനന്തപുരം എം. ജി. കോളേജ് അദ്ധ്യാപകനായ ശ്രീ. കെ. കരുണാകരന്റെ മകളാണ്

**അനുമോദനങ്ങൾ-ആശംസകൾ**

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001
Ph: 0487–335660

**PUBLISHERS & DISTRIBUTORS FOR**

MALAYALAM, ENGLISH, CHILDREN'S LITERATURE, FICTION, DRAMA, CINEMA, JOURNALISM, POETRY, PHILOSOPHY, PSYCHOLOGY, SOCIOLOGY, POLITICS, HISTORY, ECONOMICS, COMMERCE, MATHEMATICS, BOTANY, ZOOLOGY, CHEMISTRY, PHYSICS, MEDICAL, COMPUTER, ENGINEERING, LAW, ELECTRONICS, MECHANICAL, CIVIL, CHEMICAL ENGINEERING, VETERINARY, AGRICULTURE, AQUACULTURE, ETC. ETC

# കോസ്മോബുക്സ്

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001 Ph: 0487–335292

ബ്രാഞ്ചുകൾ

## കോഴിക്കോട്

**Rly.** സ്റ്റേഷൻ ലിങ്ക് റോഡ്
**Ph**: 0495-703487

## എറണാകുളം

പ്രസ്സ് ക്ലബ്ബ് റോഡ്
**Ph**: 0484- 353818

# Problem of Higher Education in Kerala

**Dr. Venugopal B. Menon**
Cochin College, Kochi

There is a vast body of literature on education with no dearth of pedagogical conceptualization but the normal run of institution of higher education in the state reveal a shocking picture and from the point of view of purpose of higher education it is deplorable. The Education Commission ( 1964-66) said that "the goal of undergraduate education of first order is to bring students to the frontiers of knowledge and threshold of the world research." "The centres of higher education in this literate state do not come up to these standards. Our degrees are not considered to be of national/ international comparability. The reason is large majority of our institutions are engaged in the ritual of teaching. The method, which we have hardly, promotes self-study at degree level. The students are expected to learn textbooks and there is no concerted effort to make the students understand the subjects, which they have to study at degree level. Very often even the prescribed textbook is not studied as they are forced to rely on dictation of notes and guides. Hence most of the students lack communicative skills, have only limited knowledge - information and hardly any social responsibility.

The system of higher education has been reduced to a mockery by making it examination oriented. Examination should be there but it should not be a system, which encourages and promotes only mechanical reproduction or mnemonics. Most of the degree students have little knowledge of what they have done at degree (which would have been acquired through hook or crook) thereby making them unsuitable in the employment market. This is the basic reason for the increasing hiatus between the educational system and the employment market causing the phenomenon of educated unemployed.

The goal of education is not to award only degree on the basis of indifferent instruction and unreliable system of evaluation. The aim of higher education should be to develop youngesters who can make serious contribution to the progress of society by providing them intellectual, physical/moral and spiritual knowledge. Quality of higher education depends on four points.

1) quality of content and technique of education. 2) quality of teachers 3) quality of students 4) quality of infrastructure. Firstly quality of higher education would depend on the content of education. The standards of excellence could be maintained by periodically revising the pattern of course curriculae and syllabi. This is so in order to underline the relevance of education to the world in which we live. We are living in an era of knowledge explosion and our courses cannot remain stagnant. The designers of the course should be alert and dynamic who should bear in mind the twin aspects of expansion of knowledge and the demands of the employment market. Secondly the quality of education is not merely centered on the matter of syllabi and curriculae. Teacher is the key figure in the educational system and therefore teacher must show the competence for absorbing new inputs of knowledge so that teacher can pass them to the students. Teacher should realize that education is continuing process and a good teacher has to be a student all his life. Only then he can be devoted to scholarship. Teacher should be able to stimulate the minds of the students and invoke in them abiding interest in the subject. No system of education will be successful if the teacher is not motivated and committed. Thirdly the Quality of students is likely to deteriorate if the concept of higher education is reduced to only passing the Examination and obtaining degree. The academic atmosphere is not conducive to the pursuit of scholarship and students tend to lose their interest in the studies and look upon the college years as only a waiting period till they got some job. The quality of students also often suffers due to the manner in which they select course of study. Very often parents and their relatives decided the degree course a student should study. Obviously students find the classroom a headache, study an abomination and examination a nuisance. The result is frustration, confusion and despair. To overcome this, at the university level aptitude of the student in the subject should be tested (through a Common Entrance Examination in the University) before giving admission to the degree course. The criteria for college and Universiy education should be as B. Russell said, "Higher or University education should be regarded as privilege for special ability. No one should be admitted unless he satisfies the authorities that he is using his time to advantage." At present education is equated to securing a degree and acquiring a farrago of information, which Rabindranath termed it as "the laborious accoutrements of bookish immaturity". Fourthly the Quality of infrastructure is very important in the promotion of higher education. The lack of good facilities is a major handicap especially in terms of laboratory, equipments and liabrary. Library should not contain merely textbook but a wide range of books on every subject in-

cluding the emerging disciplines. University authorities should regularly monitor the infrastructural facilities of the affiliated college. To do so under each university there should be lesser number of affiliated college as suggested by the Kothari Commission. Unfortunately affiliating Universities continue to multiply with many having more than 150 affiliated institutions. Further, to make matters worse the Universities have private registrations clubbed along regular degree courses. These private enrolments not only create a parallel system of education, which not only eats into the standard of regular education but also makes a mess of the university examination system. As long as these two- degree sections (private and regular) remain clubbed no amount of examination reforms are going to be successful. Private registrations should be separated by bringing them under the distance education scheme and their examination should be totally different from that of the examination which regular college going students have to take. The separation of the parllel system would not only reduce the burden of the university authorities for conducting examination but also help the university in introducing internal assessment and semester system at degree level in regular college.

Thus the crux of the problem of higher education in our state is that it lacks the basic unity of objectives. Therefore the higher education in Kerala is immobile colossally oblivious to the changing contexts of contemporary life, unresponsive to the challenges of today and tomorrow, absorbed so completely in trying to preserve the structure from that it does not have the time to consider its own larger purpose. In an age when knowledge is exploding we seek to prepetuate truths that are no longer true. Knowledge is kept in airtight departments, sealed against possible contamination from other areas of learning. Thus our education which should have been a problem solving instrument has become a problem generating mechanism. ❑

## എ.കെ.പി.സി.ടിഎക്ക് എതിരില്ല

ഫാറൂഖ് കോളജ് കൗൺസിലിലേക്ക് എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളായ പ്രൊഫ. ടി. സെയ്ദ്, പ്രൊഫ. എ. ശാവുദ്ദീൻ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

with best *compliments* from

**GRAMOX PAPER & BOARDS LIMITED**

Puthuppady P.O, Muvattupuzha- 686 673

*(Manufacturers of Duplex Board, Grey Board & Kraft Board)*

Phone: (91-485) 832 592 & 836 592. Fax: 834 110

# *Extension as Third dimension in the first Degree Curriculum*

**Thomas Joseph**
Convener, Academic Committee.

"If the University system has to discharge its responsibilities to the entire education system and to the society as a whole, it must assume extension as the third important responsibility and give it the same status as research and teaching", states the 1977 policy frame of U.G.C. The U.G.C. policy framework is very much on the lines of the Kothari Commission Recommendations (1964-66) which introduced the concept of the trinity of responsibilities in higher education, namely teaching, research and extension. The recognition of extension as third dimension is also reflected in the National Policy on Education (1986) which emphasizes the "need for adjustments in curriculum in order to make education a forceful tool in the evaluation of social and moral values." The N.P.E. recommends the compulsory enrolment of students in N.S.S., N.C.C. etc.

Despite the unanimity of opinion among educational planners regarding the importance of extension in university education, not many universities have introduced it as a compulsory component of higher education. Most universities provide opportunities for extension only on an optional basis and extension activities are given no credit in the computation of the final tally of marks/grades. Extension is regarded as an act of benevolence rather than as an obligation on the part of students.

The social cost of education is often taken for granted. The fees paid by an individual student hardly meets 5% of the expenditure incurred on his/her education. The rest - 95% - comes from society, both from governmental and non-governmental sources. This is so in a country where a great majority of the population still live below the poverty line. The students who pursue higher education are a privileged lot, the privilege being enjoyed at the expense of the poor, undernourished, teeming millions of India. This means that students owe a duty to society in return for the exclusive privilege they enjoy at such great social cost, the fulfilment of which alone would make higher education cost-effective in terms of societal requirements.

How then could this obligation be discharged effectively? About 95 universities in India have departments of extension which have to oversee the extension activities of the universities concerned. But most of these departments function outside the curriculum, with the help of volunteers drawn from among the student community. The impact of the work done by these departments is marginal, both in terms of the extent of student involvement and also in terms of the benefits accrued to society. The potential for creating a sense of social awareness among students by involving them in community development and the scope for large scale nation building through channelising youth power are not fully exploited.

It is not enough to keep the doors of the universities and colleges open to all, but the universities and colleges should go to the community to feel its pulse, to ascertain its needs and to help it tide over its problems. Once such an effort is made, a vast sea of opportunities will open up for the youth to intervene effectively. Literacy programmes, adult and continuing education, health and hygiene programmes, building of rural roads and of houses for the needy etc. are only some of the programmes that could be successfully taken up by students. The activities of the Kerala Sastra Sahitya Parishad is a pointer in this direction. If all colleges of Kerala could undertake community development programmes seriously, it would bring about a total transformation in the student community as well as in society. Social service is a reciprocal process; it benefits the benefactor and the beneficiary equally.

While ensuring maximum involvement of the existing organisations like N.C.C., N.S.S., Youth, Red Cross, Nehru Yuva Kendra etc. new organisations with a variety of programmes and priorities should be allowed to come up so that each student can look up to at least one organisation which could channelise his particular tastes and talents into socially relevant and productive lines. A plurality of programmes and priorities together with an effective machinery for co-ordination at the college and university

levels are needed.

It would be worthwhile in this context to go into the details of the extension and extra curricular activities which have been incorporated as part IV of the curricullum in Bharati Dasan University. Each student is required to take part in any one of the numerous social service/extracurricular programmes undertaken by the university in the first two years of his course. Such activities are organised by the NSS, NCC, Physical Education Departments, Rotary and Leo Clubs, Nature Clubs, Youth Red Cross and other agencies. A student has to put in a minimum of 45 hours of social work each year. In all colleges, there are advisory bodies of extension, headed by the principals. Teachers are in charge of different organisations which take up extension/ extracurricular activities which are held after regular working hours. A novel feature of the programme is that extension / extracurricular activities are counted for the award of marks / grades in the final examination.

